പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1352 — 30.09.2011 - ൽ മറുപടിയ്ക്ക്

**കേര കർഷകരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി : | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) കേരകർഷകരുടെ രക്ഷയ്ക്കായി നാളികേരവികസന ബോർഡ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; | (എ) | നാളികേര വികസനബോർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ തെങ്ങിൻ തോട്ടങ്ങളിലെ സംയോജിത കൃഷി രീതികൾ കൃഷിവകുപ്പ് വഴി നടപ്പിലാക്കി വരുന്നു. 2011-12 വർഷം 300 ഹെക്ടർ സ്ഥലത്ത് ഒന്നാം വർഷ പ്രദർശന തോട്ടങ്ങൾക്കും 300 ഹെക്ടർ സ്ഥലത്ത് രണ്ടാം വർഷ പ്രദർശന തോട്ടങ്ങൾക്കും ധനസഹായം നൽകുന്നു. പത്തനംതിട്ട, കോട്ടയം, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് പ്രദർശനത്തോട്ടങ്ങൾ സ്ഥാപിച്ചിട്ടുള്ളത്. ഹെക്ടറിന് 17500/- രൂപയാണ് ധനസഹായമായി ലഭ്യമാക്കുന്നത്. 105 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.<br><br>നാളികേര വികസന ബോർഡും കൃഷി വകുപ്പും സംയുക്തമായി തെങ്ങു പുനരുദ്ധരണ പദ്ധതി നടപ്പിലാക്കുന്നുണ്ട്. പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ 2009-10 മുതൽ 2012-13 വരെയുള്ള കാലയളവിൽ പദ്ധതി നടപ്പിലാക്കും. 474.514 കോടി രൂപയാണ് പദ്ധതിയുടെ കേന്ദ്രസബ്സിഡി. കാറ്റുവീഴ്ച രോഗം രൂക്ഷമായി ബാധിച്ചതും ഉല്പാദനക്ഷമത തീരെ കുറഞ്ഞതുമായ 143.4 ലക്ഷം തെങ്ങുകൾ വെട്ടിമാറ്റുക, 1.33 ലക്ഷം ഹെക്ടർ തെങ്ങിൻ തോട്ടങ്ങൾ പുനരുദ്ധരിക്കുക, തെങ്ങിൻ തൈകൾ പുതിയതായി വച്ചുപിടിപ്പിക്കുക എന്നിവയാണ് പദ്ധതി ലക്ഷ്യങ്ങൾ. |

പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഈ മൂന്നുജില്ലകളിലും കൂടി ഒൻപത് ബ്ലോക്കുകളിൽ നടപ്പിലാക്കുകയും 2010-11 കാലയളവിൽ 18 ബ്ലോക്കുകളിൽ കൂടി പദ്ധതി വ്യാപിപ്പിക്കുകയും ചെയ്തു. ഈ സാമ്പത്തി കവർഷം മുൻ വർഷം രൂപീകരിച്ച 18 ബ്ലോക്കുകളിലെ പദ്ധതി നടത്തിപ്പു പുരോഗമിച്ചു വരുന്നു.

ഒന്നാം ഘട്ടത്തിൽ തിരഞ്ഞെടുത്ത 9 ബ്ലോക്കുകളിലും കൂടി കാറ്റുവീഴ്ച രോഗം വന്നതും പ്രായാധിക്യം മൂലം ഉല്പാദനക്ഷമത നശിച്ചതുമായ 6.47 ലക്ഷം തെങ്ങുകൾ 25.06 കോടി രൂപ സബ്സിഡിയായി നൽകി വെട്ടിമാറ്റിയിട്ടുണ്ട്. ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി മെച്ചപ്പെട്ട വിള പരിപാലനത്തിനായി ഈ ക്ലസ്റ്ററുകളിൽ 13.25 കോടി രൂപ ചിലവാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 66605 തെങ്ങിൻ തൈകൾ തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ 2010ൽ കർഷകർക്കായി വിതരണം ചെയ്തിട്ടുണ്ട്. ഈ വർഷം (2011) മൂന്നു ജില്ലകളിലും വിതരണം നടത്താൻ 48254 തെങ്ങിൻ തൈകൾ ലഭ്യമാക്കിയിട്ടുണ്ട്.

| | |
|---|---|
| ബി) നാളികേര ഉൽപ്പാദനക്ഷമതയിൽ കേരളത്തിന്റെ പിന്നോക്കാവസ്ഥ, വളത്തിന്റെ വിലയിലും കൃഷിചെലവിലും ഉണ്ടായ വർദ്ധന, തൊഴിലാളി ക്ഷാമം തുടങ്ങിയവ ഫലപ്രദമായി തടയാൻ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) സംസ്ഥാന നാളികേര വികസന പദ്ധതി പ്രകാരം 27.9 കോടി രൂപ 2011-12ൽ ചെലവഴിക്കുന്നതാണ്. കേരശ്രീ ഒന്നാം വർഷ പദ്ധതിയ്ക്കായി 17.865 കോടി രൂപയും, രണ്ടാം വർഷ ധനസഹായത്തിനായി 9.635 കോടി രൂപയും കൂടാതെ നാളികേര അധിഷ്ഠിത ഉത്പന്നങ്ങളുടെ ഉല്പാദനത്തിനായി ചെറിയ യൂണിറ്റുകൾ സ്ഥാപിക്കാൻ 50% ധനസഹായം പരമാവധി 10 ലക്ഷം രൂപ ലഭ്യമാക്കാനായി 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ നാളികേരവികസന ബോർഡിന്റെ പദ്ധതികളുംനടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ